**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2948** **12-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മഴക്കെടുതിയും മത്സ്യ ദൗർലഭ്യവും ഇന്ധന വില വർധനവും ഉൾപ്പെടെയുള്ള പ്രതിസന്ധികൾ ഉപജീവനമാർഗ്ഗം മുടക്കിയതോടെ മത്സ്യത്തൊഴിലാളികൾ കടുത്ത പ്രതിസന്ധിയിൽ ആയിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പെർമിറ്റുള്ള വള്ളങ്ങൾക്ക് സബ്സിഡി നിരക്കിൽ ഒരു മാസത്തേക്ക് ലഭിക്കുന്ന മണ്ണെണ്ണ ഒരാഴ്ച കടലിൽ പോകാൻ പോലും തികയുകയില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സബ്സിഡി നിരക്കിൽ കൂടുതൽ മണ്ണെണ്ണ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഉണ്ട്. അർഹരായ മത്സ്യത്തൊഴിലാളി കൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ സബ്സിഡി നിരക്കിൽ മത്സ്യഫെഡ് മുഖേന നൽകി വരുന്നുണ്ട്.<br><br>10 HP വരെ - 140 ലിറ്ററും<br><br>10 HP മുതൽ 15 HP വരെ - 150ലിറ്ററും<br><br>15 HP ക്ക് മുകളിൽ - 190 ലിറ്ററുമാണ് .<br><br>ഇതിനു പുറമേ കേന്ദ്രം അനുവദിക്കുന്ന സബ്സിഡി രഹിത മണ്ണെണ്ണ സിവിൽ സപ്ലൈസ് വകുപ്പ് വഴി 10 HP വരെയുള്ളവയ്ക്ക് 129 ലിറ്ററും 10 മുതൽ 15 HP വരെ 136 ലിറ്ററും 15 HP ക്ക് മുകളിൽ 180 ലിറ്ററും പ്രതിമാസം കേന്ദ്ര സർക്കാർ മണ്ണെണ്ണയുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ അനുവദിച്ചു വരുന്നു.<br><br>കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ച് നൽകുന്ന സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമാക്കുന്നതിനും മത്സ്യഫെഡിനെ മണ്ണെണ്ണയുടെ മൊത്തവിതരണക്കാരായി അംഗീകരിക്കുന്നതിനും നിരന്തരം ആവശ്യപ്പെട്ടിട്ടും രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | കേരളത്തിലെ ബോട്ടുകളിലൂടെ ഡീസൽ ഇനത്തിൽ സംസ്ഥാനത്തിന് പ്രതിദിനം വലിയ നികുതി വരുമാനം ഉണ്ടായിട്ടും മത്സ്യബന്ധനമേഖലയ്ക്ക് അയൽ സംസ്ഥാനങ്ങളുടെ മാതൃകയിൽ ഡീസൽ സബ്സിഡി നൽകുവാൻ തയ്യാറാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഡീസൽ സബ്സിഡി അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ; | (സി) | ഡീസൽ എഞ്ചിൻ ഉപയോഗിച്ച് പ്രവർത്തിക്കുന്ന മെക്കനൈസ്ഡ് യാനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ഡീസൽ സബ്സിഡി അനുവദിച്ചു വന്നിരുന്നുവെങ്കിലും പിന്നീട് ടി സബ്സിഡി ബി.പി.എൽ വിഭാഗങ്ങൾക്ക് മാത്രമായി കേന്ദ്ര സർക്കാർ ചുരുക്കി. കേരളത്തിലെ ഭൂരിപക്ഷം ബോട്ടുടമകളും ഈ വിഭാഗത്തിൽ ഉൾപ്പെടാത്തതിനാൽ സബ്സിഡി അനുവദിക്കുന്നില്ല. |
| (ഡി) | സംസ്ഥാനത്തെ ബോട്ടുകൾക്കുള്ള ലൈസൻസ് ഫീസ് അയൽ സംസ്ഥാനങ്ങളിൽ ഈടാക്കുന്നതിനേക്കാൾ വളരെ ഉയർന്നതാണെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ലൈസൻസ് ഫീസ് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ വ്യക്തമാക്കുമോ? | (ഡി) | 2018 ൽ പ്രാബല്യത്തിൽ വന്ന KMFR Rule ൽ മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ, ലൈസെൻസ് ഫീസുകൾ നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നുവെങ്കിലും യാനങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന രജിസ്ട്രേഷൻ ലൈസൻസ് ഫീസുകൾ മത്സ്യത്തൊഴിലാളികൾക്ക് താങ്ങാൻ കഴിയുന്നതിനേക്കാളും അപ്പുറമാണ് എന്ന് മത്സ്യമേഖലയിലെ വിവിധ സംഘടനകൾ അന്നത്തെ ഫിഷറീസ് മന്ത്രിക്കും മുഖ്യമന്ത്രിയ്ക്കും നിവേദനങ്ങൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസ് ഫീസുകൾ കുറക്കുകയും ചെയ്തിട്ടുണ്ട്.<br><br>പുതുക്കിയ രജിസ്ട്രേഷൻ/ ലൈസൻസ് ഫീസും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

പുതുക്കിയ രജിസ്ട്രേഷൻ ഫീസ്

| Sl. No. | Category of fishing vessel based on LOA | Amount of Fee (Rs.) |
|---|---|---|
| **(1)** | **(2)** | **(3)** |
| 1 | Below 5 meter | 100 |
| 2 | 5-9.99 meter | 300 |
| 3 | 10-14.99 meter | 2000 |
| 4 | 15-19.99 meter | 3000 |
| 5 | 20-24.99 meter | 15000 |
| 6 | 25 meter and above | 25000 |

പുതുക്കിയ ലൈസെൻസ് ഫീസ്

| Sl. No. | Category of fishing vessel based on LOA | Amount of Fee (Rs.) | Amount of security to be furnished (Rs.) |
|---|---|---|---|
| **(1)** | **(2)** | **(3)** | **(4)** |
| 1 | Below 5 meter | Nil | Nil |
| 2 | 5-9.99 meter | 200 | Nil |
| 3 | 10-14.99 meter | 2000 | 2000 |
| 4 | 15-19.99 meter | 3000 | 5000 |